**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1151.** **30.11.2018 ൽ മറുപടിയ്ക്ക്**

**വിമുക്തിയുടെ ഭാഗമായി ഡീ-അഡിക്ഷൻ സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.മുരളീധരൻ | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ലഹരി മരുന്നുകളുടെയും, മദ്യം, പുകയില എന്നീ ഉത്പന്നങ്ങളുടെയും ഉപയോഗം സമൂഹത്തിൽ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | മയക്കുമരുന്നിനും ലഹരി വസ്തുക്കൾക്കും അടിമപ്പെടുന്നവരെ തിരിച്ചു കൊണ്ടുവരുന്നതിന് വിമുക്തിയുടെ ഭാഗമായി ഡീ -അഡിക്ഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; | (ബി) യും (സി) യും | പ്രാവർത്തികമാക്കിയിട്ടുണ്ട്<br>വിമുക്തി മിഷന്റെ ഭാഗമായി കേരളത്തിലെ പതിനാല് ജില്ലകളിലും ആരോഗ്യവകുപ്പുമായി ചേർന്ന് സർക്കാർ ആശുപത്രികളിൽ ആരംഭിച്ച ഡീ അഡിക്ഷൻ സെന്ററുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>1. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, നെടുങ്ങോലം, കൊല്ലം.<br>2. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചാലക്കുടി, തൃശ്ശൂർ.<br>3. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പയ്യന്നൂർ, കണ്ണൂർ.<br>4. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, റാന്നി, പത്തനംതിട്ട<br>5. ജനറൽ ഹോസ്പിറ്റൽ, പാല, കോട്ടയം.<br>6. താലൂക്ക് ആശുപത്രി, മൂവാറ്റുപുഴ, എറണാകുളം.<br>7. ജനറൽ ഹോസ്പിറ്റൽ, നെയ്യാറ്റിൻകര, തിരുവനന്തപുരം.<br>8. ജനറൽ ഹോസ്പിറ്റൽ, കൽപ്പറ്റ, വയനാട്.<br>9. ജില്ലാആശുപത്രി, ചെങ്ങന്നൂർ, ആലപ്പുഴ.<br>10. ട്രൈബൽ സ്പെഷ്യലിറ്റി ഹോസ്പിറ്റൽ, കോട്ടത്തറ, പാലക്കാട്. |
| (സി) | ഇതിനകം ഏതൊക്കെ സ്ഥലങ്ങളിലാണ് ഡീ -അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുള്ളത്; പ്രസ്തുത കേന്ദ്രങ്ങളിൽ ആവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; | | |

| | | | |
|---|---|---|---|
| | | | 11. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, നീലേശ്വരം, കാസർകോഡ്<br>12.. ബീച്ച് ആശുപത്രി, കോഴിക്കോട്.<br>13. ജില്ലാ ആശുപത്രി, പൈനാവ്, ഇടുക്കി<br>14. ജില്ലാ ആശുപത്രി, നിലമ്പൂർ, മലപ്പുറം<br><br>ഈവിടങ്ങളിൽ ആവശ്യമായ ജീവനക്കാരെ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. |
| (ഡി) | മദ്യത്തിന്റെയും മയക്കമരുന്നിന്റെയും ഉപഭോഗം സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ സർക്കാർ ഗൗരവമായി എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ മദ്യത്തിന്റെ ഉപഭോഗം കുറച്ചുകൊണ്ടുവരുന്നതിനും, മയക്കമരുന്നിന്റെ ഉപഭോഗം ഇല്ലാതാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ഡി) | ലഹരി പദാർത്ഥ ഉപയോഗവും വ്യാപനവും തടയുന്നതിനായി എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും എക്സൈസ് സ്പെഷ്യൽ സ്ക്വാഡുകളും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.<br>ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം നടക്കാനിടയുള്ള സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണങ്ങൾ നടത്തി മയക്ക് മരുന്നുകളുടെ ഉപഭോഗം, വിൽപ്പന എന്നിവ സംബന്ധിച്ച കുറ്റകൃത്യങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിന്റെ ഫലമായി നിരവധി കേസുകൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.<br>മദ്യനിരോധനമല്ല മറിച്ച് മദ്യവർജ്ജനം പ്രോത്സാഹിപ്പിച്ച് മദ്യവിമുക്ത സമൂഹം സൃഷ്ടിക്കുക എന്നതാണ് സർക്കാരിന്റെ നയമെന്നിരിക്കെ എല്ലാ വിഭാഗം ജനങ്ങളെയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോധ്യപ്പെടുത്തി വ്യാജമദ്യം, ലഹരി വസ്തുക്കൾ എന്നിവയുടെ ഉപയോഗത്തിൽ നിന്നും പിൻതിരിപ്പിക്കുന്നതിന് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തി-യുടെ ഭാഗമായി വ്യാപകമായ |

| | | | |
|---|---|---|---|
| | | | ബോധവത്ക്കരണ പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് സംഘടിപ്പിച്ച് വരുന്നുണ്ട്. |
| (ഇ) | പ്രസ്തുത നടപടികൾ വിജയപ്രദമാണോ; മദ്യത്തിന്റെ ലഭ്യത കൂട്ടുന്ന നടപടികൾ സർക്കാർ ഭാഗത്ത് നിന്നുതന്നെ ഉണ്ടാകുന്ന സാഹചര്യത്തിൽ വിമുക്തി പദ്ധതി എപ്രകാരം വിജയപ്രദമാക്കുവാനാണ് ആലോചിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | (ഇ) | എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് സർക്കാർ വകുപ്പുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിങ്ങനെ സമഗ്രമേഖലയിലുമുള്ള പൊതുജനപങ്കാളിത്തത്തോടുകൂടി മദ്യ-മയക്കുമരുന്ന്-പുകയില ഉൽപ്പന്നങ്ങളുടെ ഉപഭോഗത്തിനെതിരെയുള്ള അതിശക്തമായ പ്രചരണ പ്രവർത്തനങ്ങൾ നിരന്തരം സംഘടിപ്പിച്ച് വരുന്നു. ഇതിനൊപ്പം നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ ശേഖരണം. കടത്തൽ എന്നിവയുടെ ഉറവിടം കണ്ടെത്തി അവ ഇല്ലായ്മ ചെയ്യുന്നതിനുമായി ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ഡീ-അഡിക്ഷൻ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയും ചെയ്യുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**